**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1147** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുമരാമത്ത് വകുപ്പ് മാനുവൽ പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ആര്യാടൻ ഷൗക്കത്ത്
ശ്രീ. എഫ്. രാജ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള മാനുവൽ എന്നാണ് അവസാനമായി പരിഷ്ക്കരിച്ചതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 01.02.2012 തീയതിയിലെ സ.ഉ (അച്ചടി) നം.13/2012/പി.ഡബ്ല്യൂ.ഡി മുഖേന പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ച് (Kerala Public Works Department manual - Revised Edition 2012) ഉത്തരവായിരുന്നു. ടി. മാനുവലിന്റെ വിവിധ സെക്ഷനുകൾ ഭേദഗതി ചെയ്ത 20.06.2021 വരെയുള്ള സർക്കാർ ഉത്തരവുകൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത മാനുവൽ പൊതുമരാമത്തുവകുപ്പിന്റെ വെബ് സൈറ്റിൽ (www.pwd.kerala.gov.in ൽ) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**(ബി)** പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന മാനുവൽ പരിഷ്കരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മാനുവൽ പരിഷ്കരണം അവസാനഘട്ടത്തിലാണ്. 2026- നവംബർ മാസത്തോടെ ആയത് പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

**(സി)** ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** മാനുവൽ പരിഷ്കരണത്തിന്റെ ഭാഗമായി മാനുവൽ റിവിഷൻ കമ്മിറ്റി, ചീഫ് എഞ്ചിനീയേഴ്സ് കമ്മിറ്റി, കരാറുകാരുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കോ ഓർഡിനേഷൻ കമ്മിറ്റി എന്നിവയിലെ അംഗങ്ങളുമായി ചർച്ച നടത്തിയിരുന്നു. കോ ഓർഡിനേഷൻ കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തി പൊതുമരാമത്തുവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും , ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിലും യോഗം കൂടിയിരുന്നു. കരാറുകാരുമായി പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം കൂടിയിരുന്നു. കൂടാതെ മാനുവലിന്റെ ഓരോ വിഭാഗവും പൊതുമരാമത്തുവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയാണ് പരിഷ്കരിക്കുന്നത്. ഇതര എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങളും പരിഗണിക്കുന്നു.

**(ഡി)** പ്രവൃത്തികളുടെയും മറ്റും റേറ്റ് പുതുക്കുന്നതുൾപ്പെടെയുള്ള മാറ്റങ്ങൾ പ്രസ്തുത മാനുവൽ പരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**മറുപടി:** Delhi Schedule of Rates (DSR) / Ministry of Road Transport and Highways (MORTH) Data ഇവ പുതുക്കുന്നതു സംബന്ധിച്ച നിർദേശം മാനുവൽ പരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ റേറ്റ് മാനുവലിൽ പ്രസിദ്ധീകരിക്കാറില്ല .

**സെക്ഷൻ ഓഫീസർ**